Volume: 1, Issue: 8

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂൺ 15 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## 40 - 44 വയസ്സുള്ളവർക്ക് വാക്സിനേഷൻ ആരംഭിച്ചു



സുരക്ഷക്കായി കൈകോർത്ത്... അങ്ങാടിക്കടവ് യു .പി സ്കൂൾ വാക്സിനേഷൻ കേന്ദ്രത്തിൽ നിന്നുള്ള ദൃശ്യം.

മിൻസിയ നസ്രി

അങ്ങാടിക്കടവ് : പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 40 മുതൽ 44 വരെ പ്രായമുള്ളവർക്ക് വാക്സിനേഷൻ ആരംഭിച്ചു. മുൻപ് കീഴ്പ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാത്രമായിരുന്നു 40 - 44 കാർക്ക് കുത്തിവെയ്പ്പ് നൽകിയിരുന്നത്.

ഓൺലൈൻ രജിസ്ട്രേഷൻ വഴി മാത്രമേ കുത്തിവെയ്പ്പ് എടുക്കാൻ സാധിക്കുകയുള്ളു. നിലവിൽ, സ്പോട്ട് രജിസ്ട്രേഷൻ സാധ്യമല്ലാത്തതിനാൽ തുടർന്നും ഓൺലൈനായി തന്നെയാണ് രജിസ്ട്രേഷൻ നടത്തുക. ഓൺലൈൻ രജിസ്റ്റർ ചെയ്തവർക്ക് ഫോണിൽ സന്ദേശം വഴി കുത്തിവെയ്പ്പ് എടുക്കാനുള്ള സമയവും, തീയതിയും, സെന്ററും അറിയാൻ സാധിക്കും. 40 നും 44 നും ഇടയിലുള്ളവർക്ക് നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ വാക്സിൻ കീഴ്പ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നാണ് എത്തിക്കുന്നത്.

'40 - 44 നു ഇടയിൽ പ്രായം ഉള്ളവർക്കാണ് ഇപ്പോൾ വാക്സിൻ ലഭിച്ചിട്ടുള്ളത്. 18 - 40 നു ഇടയിൽ ഉള്ളവർക്ക് വാക്സിൻ ലഭിച്ചിട്ടില്ല. വാക്സിൻ ലഭിച്ചാലുടൻ തുടർന്നുള്ള ദിവസങ്ങളിൽ 40 നു താഴെയുള്ളവർ ഉൾപ്പെടെ എല്ലാ പ്രായ വിഭാഗക്കാർക്കും കുത്തിവെയ്പ്പിനായുള്ള ക്യാമ്പ് നടത്തും. രജിസ്റ്റർ ചെയ്യുന്ന ആളുകളുടെ എണ്ണം ഇപ്പോൾ കൂടിയിട്ടുണ്ട്. വാക്സിൻ കിട്ടാത്തതിന്റെ ബുദ്ധിമുട്ട് മാത്രമേയുള്ളൂ. കൂടാതെ, കുത്തിവെയ്പ്പ് എടുത്തവർക്ക് ശാരീരിക ബുദ്ധിമുട്ട് ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല' ഹെൽത്ത് ഇൻസ്പെക്ടർ ബി. ബി രാജേഷ് അറിയിച്ചു.

## ഡെങ്കിപ്പനി: പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം



ഐശ്വര്യ സി ജേക്കബ്

ഡെങ്കിപ്പനി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്തിലെ പ്രധാന ടൗണുകളായ അങ്ങാടിക്കടവ്, ആനപ്പന്തി, കച്ചേരിക്കടവ് തുടങ്ങിയ സ്ഥലങ്ങളിലാണ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പുകാരുടെ സഹകരണത്തോടെ ശുചീകരണത്തിന് തുടക്കം കുറിച്ചത്. അയ്യൻകുന്നിനോട് ചേർന്നുകിടക്കുന്ന ആറളംഗ്രാമപഞ്ചായത്തിൽ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഡെങ്കിപ്പനി പകരാതിരിക്കാനായി കർശന മാർഗനിർദ്ദേശങ്ങളാണ് പഞ്ചായത്തും അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രവും നൽകിയിരിക്കുന്നത്.

'റബർ തോട്ടങ്ങളിൽ കൊതുക് വളരാനുള്ള സാഹചര്യം കണക്കിലെടുത്ത് 'തോട്ടങ്ങളിലൂടെ' എന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. റബർ തോട്ടങ്ങളിൽ വെള്ളം കെട്ടികിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനായി ആരോഗ്യപ്രവർത്തകരെ നിയമിച്ചിട്ടുണ്ട്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകളിലൂടെയും ഹോമിയോ പ്രതിരോധ മരുന്നുകൾ എത്തിച്ചു നൽകിയും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേയായി ആചരിക്കാനും പഞ്ചായത്തുതലത്തിൽ തീരുമാനിച്ചിട്ടുണ്ട്' പ്രസിഡന്റ് അറിയിച്ചു.



പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കച്ചേരിക്കടവ് ടൗൺ തൊഴിലുറപ്പുകരുടെ സഹകരണത്തോടെ വൃത്തിയാക്കുന്നു

ആശാവർക്കേഴ്സ് വീടുകളിൽ പോവുകയും വെള്ളം കെട്ടിനിൽക്കുന്നത് പരിശോധിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു. 'ഏതെങ്കിലും വീട്ടിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ ആ വീടും പരിസരവും ക്ലോറിനേഷൻ നടത്തും, കൂത്താടി വളരാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുകയും ചെയ്യും'. ആശാവർക്കറായ ഷെൽബി പാണ്ടിയപ്പള്ളി പറഞ്ഞു.

'കോവിഡിന്റെ സാഹചര്യത്തിൽ വീടിനുള്ളിൽ കയറി ഫ്രിഡ്ജ് ഉൾപ്പെടെയുള്ള വീട്ടുപകരണങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ സാധിക്കില്ല. പലപ്പോഴും ആളുകളുമായി കൂടുതൽ ഇടപഴകേണ്ടി വരുന്നതിനാൽ രോഗബാധയ്ക്കുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ടു തന്നെ അസു ഖം പകരാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. കഴിഞ്ഞവർഷം അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 30 കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നു എന്നാൽ ഈ വർഷം 16 കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്'. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് ഹെഡ് രമ. കെ പറഞ്ഞു.

## വേണം ഒരു കൃഷിഭവൻ

അമൃത സുരേന്ദ്രൻ

അയ്യൻകുന്ന് പഞ്ചായത്ത് രണ്ടായി വിഭജിച്ച് കരിക്കോട്ടക്കരിയും അയ്യൻകുന്ന് വില്ലേജുകളായി മാറുമ്പോൾ അങ്ങാടിക്കടവ് ആസ്ഥാനമാക്കി കൃഷിഭവൻ വേണമെന്ന ആവശ്യം ശക്തമാകുന്നു. നിലവിൽ കൃഷി ഭവൻ കരിക്കോട്ടക്കരിയിലാണ്. കരിക്കോട്ടക്കരി പുതിയ പഞ്ചായത്തായി മാറുമ്പോൾ കൃഷിഭവനും അതിന്റെ പരിധിയിലാവും. അതത് പഞ്ചായത്തിലുള്ള കർഷകർക്കാണ് കൃഷിഭവന്റെ ആനുകൂല്യങ്ങൾ ലഭ്യമാവുക.

'ഓരോ പഞ്ചായത്തിലും ഓരോ കൃഷിഭവൻ എന്ന രീതിയാണ് നിലവിലുള്ളത്. അയ്യൻകുന്ന് പഞ്ചായത്ത് രണ്ടായി വിഭജിച്ചാൽ അങ്ങാടിക്കടവിൽ കൃഷിഭവന്റെ ഓഫീസ് വരുന്നതിന്റെ സാധ്യത കൂടുതലാണ്. കേന്ദ്രസർക്കാരിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അവരെ കൂടുതൽ ബോധവാന്മാരാക്കാനും കൃഷിഭവന്റെ വരവോടെ കഴിയും. നാട്ടുകാരുടെ തുടർച്ചയായ പ്രവർത്തനം ഉണ്ടെങ്കിൽ പെട്ടെന്ന് തന്നെ കൃഷി വകുപ്പ് ഓഫീസ് ആരംഭിക്കാൻ സാധിക്കുമെന്നും' അങ്ങാടിക്കടവ് സ്വദേശി ഷൈജു കുന്നോല പറഞ്ഞു.

കർഷകർക്കുവേണ്ടി ഒട്ടേറെ സേവനങ്ങൾ കൃഷിഭവനുകൾ ചെയ്തുവരുന്നുണ്ട്. മണ്ണുപരിശോധന, പച്ചക്കറി തൈ വിതരണം, സബ്സിഡികൾ, വിള ഇൻഷുറൻസ് എന്നിങ്ങനെ പല പദ്ധതികളും കൂടാതെ നവീന കൃഷി മാർഗ്ഗങ്ങളെക്കുറിച്ചും കാർഷിക വികസന പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളിലേക്കെത്തിക്കാൻ കൃഷിഭവൻ സഹായിക്കുന്നു.

'നിലവിൽ കൃഷിഭവൻ കരിക്കോട്ടക്കരിയിൽ ആയതുകൊണ്ട് എപ്പോഴും കൃഷിഭവനെ സമീപിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട്തന്നെ പല ആനുകൂല്യങ്ങളും സേവനങ്ങളും ഞങ്ങൾ അറിയാതെ പോകുന്നുണ്ട്. യാത്രാക്ലേശവും ഒരു പ്രശ്നമാണ്. അതിനാൽ അങ്ങാടിക്കടവിൽ ഒരു കൃഷിഭവൻ ഏറെ അത്യാവശ്യമാണ്'. അങ്ങാടിക്കടവ് നിവാസിയും കർഷകനുമായ സജി വർഗീസ് പറഞ്ഞു

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന് പുതിയൊരു കൃഷിഭവൻ വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു രാഷ്ട്രീയ പാർട്ടിയുടെ യുവജന വിഭാഗം നിവേദനം തയ്യാറാക്കുന്നുണ്ട്. അതിന്റെ പുരോഗതി വിലയിരുത്തിയതിനു ശേഷം മറ്റു നടപടിയിലേക്ക് കടക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

## നിർമ്മാണത്തിൽ അശാസ്ത്രീയത: ഏഴാംകടവ് പാലം അപകടത്തിൽ



പാലത്തിന്റെ പ്രധാന ബീമിൽ തെളിഞ്ഞ് കാണുന്ന ഇരുമ്പ് കമ്പികൾ

ജോബിൻ ജേക്കബ്

അങ്ങാടിപത്രത്തിലെ തുടർച്ചയായ വാർത്തകളെ തുടർന്ന് പണി പുനരാരംഭിച്ച ഏഴാംകടവ് പാലത്തിന്റെ നിർമ്മാണത്തിൽ അശാസ്ത്രീയത. പാലത്തിന്റെ പ്രധാന ബീമിലാണ് ഇരുമ്പ് കമ്പികൾ തെളിഞ്ഞ് കാണുന്നത്. കഴിഞ്ഞമാസം കോൺക്രീറ്റ് ജോലികൾ പൂർത്തീകരിച്ച പാലത്തിന്റെ വാർക്കയ്ക്കായി സ്ഥാപിച്ചിരുന്ന പലകകൾ നീക്കം ചെയ്തപ്പോഴാണ് പണിയിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടത്. ഉരുപ്പുംകുറ്റി - ഏഴാംകടവ് പ്രദേശത്തെ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ട് മൂന്നു വർഷമായി. എംഎൽഎ ഫണ്ടിൽ നിന്ന് 45 ലക്ഷം രൂപ വകയിരുത്തി 11 മീറ്റർ നീളത്തിലും അഞ്ചു മീറ്റർ വീതിയിലുമാണ് പാലം നിർമ്മിക്കുന്നത്. 'ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് ഈ അവസ്ഥയ്ക്ക് കാരണം. ജിയോ മിശ്രിതം ഉപയോഗിച്ചാണ് കോൺക്രീറ്റ് ജോലികൾ ചെയ്തത്. ഞങ്ങളുടെ ഏറെനാളത്തെ കാത്തിരിപ്പാണ് ഏഴാംകടവ് പാലം. പാലത്തിന്റെ ജോലികളിലെല്ലാം ഞങ്ങൾ സജീവമായിരുന്നു'. നാട്ടുകാരനായ തങ്കച്ചൻ മുയ്യപ്പള്ളി പറഞ്ഞു.

25 മിമി വലിപ്പമുള്ള 12 ഇരുമ്പ് കമ്പികൾ നിരത്തി കെട്ടിയതാണ് പ്രശ്നത്തിന് കാരണം. കമ്പികളുടെ ഇടയിലൂടെ കോൺക്രീറ്റ് മിശ്രിതം ഇറങ്ങാൻ പറ്റുന്ന രീതിയിൽ ബിറ്റുകൾ (കമ്പികളെ ഉയർന്നും താഴ്ന്നും നിൽക്കാൻ സഹായിക്കുന്ന ഇരുമ്പ് ദണ്ഡ്) സ്ഥാപിക്കണമായിരുന്നു. കരാറുകാരൻ കൃത്യസമയത്ത് വരാത്തതുകൊണ്ടാണ് പാലത്തിന്റെ നിർമ്മാണം ഇത്രയും നീണ്ട് പോയത്. ഭാരം കയറുമ്പോൾ പാലത്തിന് അപകടം സംഭവിക്കാനും സാധ്യതയുണ്ട്. ഏഴാം വാർഡ് മെമ്പറും ആർക്കിടെക്റ്റുമായ ജോസ് എ വൺ പറഞ്ഞു.

അപകടാവസ്ഥയിലായ പാലം എം എൽ എ സണ്ണി ജോസഫ് സന്ദർശിച്ചു. എഞ്ചിനീയർ നല്കുന്ന റിപ്പോർട്ടിന്മേൽ കരാറുകാരനെതിരെ അന്വേഷണം നടത്തി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുമെന്നും എം എൽ എ അറിയിച്ചു. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കാസർഗോഡ് സ്വദേശിയായ കരാറുകാരൻ ഇതുവരെയും പ്രതികരിച്ചിട്ടില്ല. കൃത്യമായ മേൽനോട്ടക്കുറവും നിർമ്മാണത്തിലുള്ള പോരായ്മയും ഒരു കൂട്ടം സാധാരണക്കാരുടെ സ്വപ്നങ്ങൾക്കാണ് മങ്ങലേൽപ്പിച്ചിരിക്കുന്നത്.

## എഡിറ്റോറിയൽ

# വിദ്യ ഓൺലൈനാകുമ്പോൾ...

മനുഷ്യ ജീവിതത്തിന്റെ എല്ലാ ക്രമങ്ങളെയും കോവിഡ് 19 മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു. രാജ്യത്തെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും ഓഫ് ലൈനായി വിദ്യാർത്ഥികൾ എന്നു പോയി തുടങ്ങുമെന്ന് അനിശ്ചിതത്വത്തിലാണ്. സർവ്വകലാശാലകളുടെ പുതുവർഷ പ്രവർത്തനം സെപ്റ്റംബറിൽ ആരംഭിക്കാൻ യു. ജി. സി (യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ) നിർദേശിച്ചിട്ടുണ്ട്. പൊതു സർവ്വകലാശാലകൾ, കോളേജുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പുതിയ വിദ്യാഭ്യാസ വർഷത്തിന് ജൂൺ ഒന്നിനു തന്നെ കേരളസർക്കാർ തുടക്കം കുറിച്ചു. അതേസമയം, ഓൺലൈൻ പഠനം ഉയർത്തുന്ന വെല്ലുവിളികളെ ഈ സന്ദർഭത്തിൽ നാം കാണാതിരുന്നുകൂടാ. ഇനിയങ്ങോട്ട് ഓൺലൈൻ പഠനം മാത്രം മതി എന്ന മട്ടിലുള്ള പ്രഖ്യാപനങ്ങൾ ചിലയിടങ്ങളിൽ നിന്ന് ഉയർന്നു കേൾക്കുന്ന സന്ദർഭത്തിൽ പ്രത്യേകിച്ചും. 2020 ൽ ഇന്ത്യയിലെ ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് ലഭ്യമാകുന്ന കണക്കുകൾ പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 66 ശതമാനം ജീവിക്കുന്ന ഗ്രാമീണമേഖലയിൽ ഇന്റർനെറ്റ് ലഭ്യത ഉള്ളത് 25.3 ശതമാനത്തിനാണ്. ബാക്കി വരുന്ന 34 ശതമാനം ജനങ്ങൾ വസിക്കുന്ന നഗര മേഖലയിൽ 98 ശതമാനത്തിന് നെറ്റ് കണക്ഷൻ ഉണ്ട്.

സ്മാർട്ട്ഫോണുകളും ടെലിവിഷനും നെറ്റ് കണക്ടിവിറ്റിയും വ്യാപകമായ കേരളത്തിൽ പോലും പൂർണ്ണമായും എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ ക്ലാസുകൾ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാൻ ആവശ്യമായ ഡേറ്റ എങ്ങനെയാണ് പാവപ്പെട്ട വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് കൈവരുക എന്നതും പ്രധാനമാണ്. പ്രതിമാസം 300 - 400 രൂപ നൽകി സ്വകാര്യ സേവന ദാതാക്കളിൽ നിന്ന് മാതാപിതാക്കൾ തന്നെ ഇത് വാങ്ങേണ്ടി വരുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വിദ്യാർഥികൾക്ക് തീർച്ചയായിട്ടും താങ്ങാനാവുന്ന രീതിയല്ല ഇത്. അതിനാൽ വിദ്യാഭ്യാസ വകുപ്പും മറ്റു സർവകലാശാലകളും ഈയൊരു കാര്യത്തിലേക്ക് കണ്ണു തുറക്കേണ്ടതാണ്.

ഓൺലൈൻ പഠനത്തിന്റെ സാധ്യതകളെ പൂർണ്ണമായും നിരസിക്കുകയല്ല. മറിച്ച്, അത്തരമൊന്നിനെ സ്വീകരിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകേണ്ട കരുതലിനെ കുറിച്ച്കൂടി നാം ചിന്തിക്കേണ്ടതാണ്.

- എഡിറ്റർ

# കുരുന്നുകളും ഓൺലൈനിൽ



ആദ്യ ചുവട് : ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്ന ക്രിസ് ആന്റണി അമ്മയോടൊപ്പം.

**വിപിൻ വില്ല്യം**

ചേച്ചിമാർക്കും ചേട്ടൻമാർക്കുമൊപ്പം ഇനി കുരുന്നുകളും ഓൺലൈനിലാണ്. ഈ പുതിയ അധ്യായന വർഷത്തിൽ കുരുന്നുകളും ഓൺലൈൻ വിദ്യാഭാസത്തിലേക്ക് ചുവടുവെച്ചു. പതിവിൽ നിന്നും വിപരീതമായി അങ്ങാടിക്കടവ് അംഗൻവാടിയിലെ 25 കുട്ടികൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ് പാഠങ്ങൾ പഠിക്കുന്നത്. ജൂൺ മാസം ഒന്നിന് പ്രവേശനോത്സവം നടത്തിക്കൊണ്ട്, മാറുന്ന ലോകത്തിന് മാറ്റത്തിന്റെ പ്രതീകമായി അംഗൻവാടി പ്രവർത്തനമാരംഭിച്ചു.

കുട്ടികളെ സംബന്ധിച്ചെടുത്തോളം പുതിയ കൂട്ടുകാരില്ല, കുടയില്ല, ബാഗില്ല, സ്കൂൾ ബസ്സില്ല, യൂണിഫോമില്ല, നേർക്കുനേർ അധ്യാപകരില്ല. എന്നാലും പുത്തൻ ഉണർവുമായി ചുറുചുറുക്കോടെ ഓൺലൈൻ പഠനത്തിൽ ഏർപ്പെടുകയാണ് 25 കുരുന്നുകൾ. ഈ പുതു തലമുറയ്ക്ക് അറിവിന്റെ ആദ്യാക്ഷരം പകരുവാൻ സിന്ദു ടീച്ചറും സഹായിയായി എൽസി ടോമിയുമുണ്ട്.

'രസകരമായ പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്ന അംഗൻവാടികൾ ഇന്ന് കുട്ടികൾക്ക് അന്യമായി. ഓൺലൈൻ പഠനത്തിന്റെ പരിമിതിയിലേക്ക് കുട്ടികളുടെ ലോകം ചുരുങ്ങി ' എന്ന് ടീച്ചർ പറഞ്ഞു. കുട്ടികൾക്ക് 'അങ്കണപ്പൂമഴ' എന്ന പാഠപുസ്തകം വിതരണം ചെയ്തു. 'അംഗൻവാടി അങ്ങാടിക്കടവ് ' എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് വഴിയാണ് പഠനം ആരംഭിച്ചിരിക്കുന്നത്. രാവിലെ 9.30ന് തുടങ്ങുന്ന ക്ലാസ്, കഥകളും പാട്ടുകളും ആംഗ്യപ്പാട്ടുകളുമായി വൈകിട്ട്വരെ നീളുന്നു. ക്ലാസിൽ പുതുമയാർന്ന പഠന രീതികൾ ആവിഷ്കരിച്ചുകൊണ്ട് കെ. സിന്ദു ടീച്ചറും വ്യത്യസ്തയാകുന്നുണ്ട്.

'ആദ്യ ദിവസങ്ങളിൽ കുട്ടികളുടെ ക്ലാസിലെ പങ്കാളിത്വത്തെക്കുറിച്ചും പഠന രീതിയെക്കുറിച്ചും ആശങ്കയുണ്ടായിരുന്നു. എന്നാൽ രക്ഷിതാക്കളുടെ പരിപൂർണ്ണ പിന്തുണയും കുട്ടികളുടെ താല്പര്യവും ആ ആശങ്കയെ മാറ്റി'. ടീച്ചർ പറഞ്ഞു.

'അംഗൻവാടിയിൽ നിന്നും ഭക്ഷ്യധാന്യങ്ങളും പൊടികളും കുട്ടികൾക്കായ് വിതരണം ചെയ്യുന്നുണ്ട്. അതുവാങ്ങാൻ പോയപ്പോൾ കുട്ടിയേയും കൂടെക്കൂട്ടി. അന്ന് വളരെ സൗഹൃദപരമായാണ് ടീച്ചർ കുട്ടിയോട് ഇടപെട്ടത്. അതുകൊണ്ട് തന്നെ ഇപ്പോൾ ഓൺലൈൻ ക്ലാസ്സിൽ ഇരിക്കുന്നതിനു അവനു യാതൊരുവിധ മടിയും ഇല്ല. ടീച്ചറുടെ സ്നേഹപൂർണ്ണമായ പെരുമാറ്റമാണ് ഇതിനു പ്രധാനകാരണം' വിദ്യാർത്ഥിയായ സെഫിൻ ഷിനോജിന്റെ രക്ഷിതാവ് സിൽജി ഷിനോജ് പറഞ്ഞു.

'മതിയായ ഇന്റർനെറ്റ് സൗകര്യമില്ലാത്തത്കൊണ്ട് ഓൺലൈൻ ക്ലാസിൽ പങ്കെടുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ ടീച്ചർ പലപ്പോഴും ഫോൺവിളിച്ച് കുട്ടിയുടെ പഠന കാര്യങ്ങൾ അന്വേഷിക്കുന്നു. ഇത് കുട്ടിക്കും ഞങ്ങൾക്കും ഒരു പ്രോത്സാഹനമാണെന്ന്' വിദ്യാർത്ഥിനിയായ റോസ് മരിയയുടെ പിതാവ് ഷിന്റോ എടപ്പാറ പറഞ്ഞു.

ജൂൺ 5 ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അംഗൻവാടി കുട്ടികൾ വൃക്ഷ തൈകൾ നട്ടു. സ്വഭവനങ്ങളിൽ വൃക്ഷ തൈ നടുന്ന ഫോട്ടോയും വീഡിയോയും വാട്സ് ആപ്പ് ഗ്രൂപ്പിലേക്ക് ഇടുകയും ചെയ്തു. ഈ പദ്ധതിയുടെ ഉദ്ഘാടനം അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. ഇതിലൂടെ കുരുന്നുകളെ പഠനത്തോടൊപ്പം സമൂഹത്തിന്റേയും പരിസ്ഥിതിയുടേയും ഭാഗമാക്കാൻ അംഗൻവാടിക്ക് സാധിച്ചു.

# ഓൺലൈൻ ക്ലാസ്സിന് സൗകര്യമൊരുക്കി അങ്ങാടിക്കടവ് സ്കൂൾ

**അനുശ്രീ. കെ**

കോവിഡ് രണ്ടാം തരംഗം ആരംഭിച്ചതോടെ ഓൺലൈനിൽ ആയിരിക്കുകയാണ് വിദ്യാഭ്യാസ മേഖല. അധ്യാപകർ കൃത്യമായി ക്ലാസുകൾ നൽകുമ്പോഴും സ്മാർട്ട് ഫോണിന്റെ അഭാവം വിദ്യാർഥികളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ടെലിവിഷനിലൂടെ ക്ലാസ്സുകൾ ഉണ്ടെങ്കിലും അദ്ധ്യാപകർ നൽകുന്ന നോട്ടുകൾ വായിക്കുന്നതിനും, വർക്കുകൾ ചെയ്തു തീർക്കുന്നതിനും സ്മാർട്ട് ഫോൺ കൂടിയേ തീരു. ഫോണിന്റെ ആവശ്യക്കാർ നിരവധി ഉള്ളതിനാൽ തന്നെ ഈ പ്രശ്നത്തിനുള്ള പരിഹാരം കാണുന്നതിനുള്ള തത്രപ്പാടിലാണ് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂൾ മാനേജ്മെന്റ്.

അദ്ധ്യാപകർ വഴിയോ, മറ്റു സംഘടനകൾ വഴിയോ വളരെ അത്യാവശ്യം വേണ്ട വിദ്യാർഥികൾക്ക് ഫോൺ എത്തിച്ചു നൽകുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു വരികയാണ്. സ്മാർട്ട് ഫോൺ, റേഞ്ച് എന്നിവ ലഭിക്കാത്ത വിദ്യാർഥികളുടെ വിവരങ്ങൾ എ. ഇ. ഒ യ്ക്ക് (അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ) സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് സ്കൂൾ'. പതിനഞ്ചു ദിവസത്തിനുള്ളിൽ ഇതിനു വേണ്ട നടപടികൾ പുർത്തിയാകും. നിലവിൽ വിദ്യാർഥികൾക്ക് റിവിഷൻ ക്ലാസുകളാണ് നടക്കുന്നത്. പുതിയ ക്ലാസുകൾ തുടങ്ങുന്നതിനു മുൻപ് സ്മാർട്ട് ഫോണുകൾ വിതരണം ചെയ്യും. പതിനഞ്ചു ഫോണുകൾ വിദ്യാർഥികൾക്ക് നൽകുന്നതിനാണ് നിലവിൽ തീരുമാനമെടുത്തിരിക്കുന്നത്'. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ പ്രധാന അദ്ധ്യാപകൻ സ്റ്റാനി കെ. എം പറഞ്ഞു.

'അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നും എട്ടു സ്മാർട്ട് ഫോണുകളാണ് വിദ്യാർഥികൾക്ക് നൽകുന്നത്. അതിൽ മൂന്നെണ്ണം വിദ്യാർഥികൾക്ക് ഇതിനോടകം നൽകി കഴിഞ്ഞു'. വൈസ് പ്രിൻസിപ്പൽ ഫാ. സജി അട്ടെങ്ങാട്ടിൽ പറഞ്ഞു.

'വീട്ടിൽ അഞ്ചു മക്കളാണുള്ളത്. എല്ലാവരും വിദ്യാർഥികളാണ്. അവർക്ക് ഉപയോഗിക്കുന്നതിനായി ആകെ ഉള്ളത് ഒരു സ്മാർട്ട് ഫോൺ. വീട്ടിൽ ടെലിവിഷൻ ഇല്ല എന്നുള്ളതും മറ്റൊരു പ്രധാന പ്രശ്നമാണ്. ഇത് അവരുടെ പഠനത്തെ വളരെ അധികം പ്രതികൂലമായി ബാധിക്കുന്നുണ്ട്'. സേക്രട്ട് ഹാർട്ട് സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർഥിനിയായ ആൻട്രീസ വിനോദിന്റെ അമ്മ പറഞ്ഞു. ഓഫ് ലൈൻ ക്ലാസ്സുകളിൽ നല്ല രീതിയിൽ പഠനം കാഴ്ചവച്ചിരുന്ന ആൻട്രീസയ്ക്ക് സ്മാർട്ട് ഫോണിന്റെ അഭാവം കൊണ്ട് പഠനത്തിൽ മുൻപത്തേതു പോലെ ശ്രദ്ധ ചെലുത്താൻ സാധിക്കുന്നില്ലെന്നും അവർ വ്യക്തമാക്കി.

**വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ...9496698531**

# ഹലോ കേൾക്കുന്നുണ്ടോ?



**അഡാസിയോ ജോവാക്കിം**

ഹലോ കേൾക്കുന്നുണ്ടോ... രണ്ടാം കടവിലെ തുടിമരം എന്ന സ്ഥലത്തുനിന്നാണ്... പറഞ്ഞ് പൂർത്തിയാക്കുന്നതിനു മുൻപ് സംഭാഷണം ഇടമുറിഞ്ഞ് ഫോൺ കട്ട് ആയി. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിമിതികളെക്കുറിച്ച് പറയാൻ കഴിഞ്ഞ ദിവസം കളക്ടർ ഒരുക്കിയ അദാലത്തിലേക്ക് രണ്ടാം കടവിൽ നിന്ന് പോയ പല ഫോൺ വിളികളും ഇങ്ങനെ പാതിവഴിയിൽ നിലച്ചു. ഓൺലൈൻ പഠനം അനിവാര്യമായ പുതിയ അധ്യയന വർഷത്തിലും മൊബൈൽ പരിധിക്ക് പുറത്താണ് രണ്ടാംകടവിലെ വാളത്തോട്, തുടിമരം, കളിതട്ടുംപാറ പ്രദേശത്തെ വിദ്യാർഥികൾ.



റേഞ്ച് തേടി: ഓൺലൈൻ പഠനത്തിനായി റേഞ്ച് തേടുന്ന രണ്ടാം കടവ് തുടിമരത്തെ കുട്ടികൾ

അധ്യായനവർഷത്തിലെ ക്ലാസ്സുകൾ ആരംഭിച്ചിട്ടും അതിൽ പങ്കെടുക്കാനാവാത്തതിന്റെ നിസ്സഹായാവസ്ഥയിലാണ് പ്രദേശത്തെ നൂറുകണക്കിന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ. 'ജനപ്രതിനിധിക്കും കളക്ടർക്കും മുഖ്യമന്ത്രിക്കും ബഹുജനപങ്കാളിത്തത്തോടെ ഹർജികൾ സമർപ്പിച്ചിട്ടും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. മൊബൈൽ നെറ്റ്വർക്ക് സംബന്ധമായ പ്രശ്നം അധികാരികളുടെ മുന്നിൽ എത്തിക്കാൻ സാധ്യമായതെല്ലാം ചെയ്തിട്ടുണ്ട്. മുൻ വികാരി ഫാ. ജോബി ചെരുവിൽ ഈ ആവശ്യത്തിനു വേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിരുന്നു'. ഇപ്പോഴത്തെ രണ്ടാം കടവ് പള്ളിവികാരിയും കർമ്മ സമിതി രക്ഷാധികാരിയുമായ ഫാ. ലിൻസ് വെട്ടുവയൽ പറഞ്ഞു.

'ഇന്റർനെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി കേബിൾ കണക്ഷൻ എടുക്കുകയെന്നതാണ് മറ്റൊരു വഴി എന്നാൽ, വാളത്തോട് മുതൽ തുടിമരം വരെയുള്ള ഒന്നര കിലോമീറ്റർ ദൂരം താണ്ടി ഫോറസ്റ്റ് അതിർത്തിയോടു ചേർന്നു കിടക്കുന്ന വീടുകളിലേക്ക് കേബിൾ കണക്ഷൻ എത്തിക്കുകയെന്നത് വലിയ ബുദ്ധിമുട്ടാണ്. വാളത്തോട് മലയിലെ ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് മൊബൈൽ ടവർ സ്ഥാപിക്കാനുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കാൻ നാട്ടുകാർ തയ്യാറാണ്. പക്ഷേ മലകൾ തമ്മിലുള്ള മറവ് സിഗ്നലുകളുടെ തീവ്രത കുറയ്ക്കുമെന്ന കാരണം പറഞ്ഞു പലരും കൈയൊഴിയുകയാണ്'. പ്രദേശവാസിയും ജനകീയ കർമ്മ സമിതി അംഗവുമായ ശീതൾ വർഗീസ് പറഞ്ഞു.

ഒരു സ്വകാര്യകമ്പനി രണ്ടാം കടവ് പ്രാദേശത്തെക്കുറിച്ചുള്ള പ്രാഥമിക പഠനത്തിനുശേഷം അനുകൂലമായ പദ്ധതി ആവിഷ്കരിച്ച് കമ്പനി തലത്തിലുള്ള അതിന്റെ അംഗീകാരത്തിനായി കാത്തിരിക്കുകയാണ്. ഒന്നിന് പിറകെ ഒന്നായി വരുന്ന വാർത്തകൾ അധികാരികളുടെ കണ്ണ് തുറപ്പിക്കുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.



For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: മിൻസിയ നസ്രി | സബ് എഡിറ്റേഴ്സ്: ജോബിൻ ജേക്കബ്, വിപിൻ വില്ല്യം, അഡാസിയോ ജോവാക്കിം , അമൃത സുരേന്ദ്രൻ, അനുശ്രീ. കെ, ഐശ്വര്യ സി ജേക്കബ് | ഫോട്ടോഗ്രാഫേഴ്സ്: ജോബിൻ ജേക്കബ് , അഡാസിയോ ജോവാക്കിം | ഡിസൈൻ: വിപിൻ വില്ല്യം